# ഈമാൻ കാര്യങ്ങൾ

ആറു കാര്യങ്ങളിൽ വിശ്വസിച്ചാൽ മാത്രമേ ഒരാൾ ശരിയായ സത്യവിശ്വസി ആവുകയുള്ളൂ. അവ ഏതെല്ലാമാണെന്ന് പഠിക്കാം.

## ❶ അല്ലാഹുവിലുള്ള വിശ്വാസം:

അല്ലാഹുവാണ് ഈ ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്നത്. അവനു തുല്യമായി ഒന്നും തന്നെയില്ല. അവനെ മാത്രമേ ആരാധിക്കാവൂ.

## ❷ മലക്കുകളിലുള്ള വിശ്വാസം:

അല്ലാഹുവിൻെറ കൽപനകൾ മാത്രം അനുസരിക്കുന്ന സൃഷ്ടികളാണ് മലക്കുകൾ. അവൻെറ ഒരു കൽപനയും മലക്കുകൾ ലംഘിക്കുകയില്ല. ജിബ്‌രീൽ (അ) അവരിലെ പ്രധാനിയാണ്.

## ❸ കിതാബുകളിലുള്ള വിശ്വാസം

മനുഷ്യർക്ക് നല്ല ജീവിതം പഠിപ്പിച്ചു കൊടുക്കാൻ വേണ്ടി നബിമാർ മുഖേന അല്ലാഹു നൽകിയ വേദ ഗ്രന്ഥങ്ങളാണ് കിതാബുകൾ.

## ❹ നബിമാരിലുള്ള വിശ്വാസം

സത്യമാർഗം പഠിപ്പിക്കുവാൻ വേണ്ടി മനുഷ്യരിൽ നിന്ന് അല്ലാഹു തിരഞ്ഞെടുത്ത ഏറ്റവും നല്ല മനുഷ്യരാണ് നബിമാർ.

## ❺ പരലോകത്തിലുള്ള വിശ്വാസം

ഈ ലോകജീവിതം അവസാനിച്ച ശേഷം മറ്റൊരു ലോകത്ത് അല്ലാഹു വീണ്ടും എല്ലാവരേയും ജീവിപ്പിക്കും. അതിനാണ് പരലോകം എന്നു പറയുന്നത്.

## ❻ നന്മ തിൻമകൾ അല്ലാഹുവിൽ നിന്നാണെന്നുള്ള വിശ്വാസം

ഭൂമിയിലും ആകാശത്തും എല്ലാ കാര്യങ്ങളും സംഭവിക്കുന്നത് അല്ലാഹു അറിഞ്ഞു കൊണ്ടു മാത്രമാണ്. അവൻ അറിയാതെ ഒന്നും സംഭവിക്കുന്നില്ല. എല്ലാം അല്ലാഹു തീരുമാനിച്ചതുമാണ്.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്